"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോട്ടയം ജില്ല - കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് - കൃഷി ഭവനിൽ വിവിധ ജനകീയാസൂത്രണ പദ്ധതികളിൽ ഉൽപാദന ഉപാധികൾ വാങ്ങിയ വകയിൽ VFPCK യ്ക്ക് വികസന ഫണ്ട് - സാധാരണ വിഹിതത്തിൽ നിന്നും അനുവദിച്ചതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്

സ.ഉ.(സാധാ)നം.7648/2024/ധന തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം : 1. 10/06/2024 ൽ കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ള നിവേദനം.

2. 14/06/2024 തീയതിയിലെ കറുകച്ചാൽ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

കറുകച്ചാൽ ഗ്രാമ പഞ്ചായത്തിലെ കൃഷി ഭവനിൽ വിവിധ ജനകീയാസൂത്രണ പദ്ധതികളിൽ ഉൽപാദന ഉപാധികൾ വാങ്ങിയ വകയിൽ Vegetable & Fruit Promotion Council Keralam (VFPCK) ന് വികസന ഫണ്ട് - സാധാരണ വിഹിതത്തിൽ നിന്നും അനുവദിച്ച 1,55,000/- രൂപ അക്കൗണ്ട് നമ്പറിലോ, ഐ.എഫ്.എസ്.സി കോഡിലോ ഉള്ള പിശക് മൂലം സർക്കാർ ശീർഷകത്തിലേക്ക് തിരികെ പോയതിനാൽ ടി തുക പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2), (3) എന്നിവയുടെ അടിസ്ഥാനത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനിൽ വിവിധ ജനകീയാസൂത്രണ പദ്ധതികളിൽ ഉൽപാദന ഉപാധികൾ വാങ്ങിയ വകയിൽ VFPCK യ്ക്ക് അനുവദിച്ചിരുന്ന തുക അക്കൗണ്ട് നമ്പറിലോ, ഐ.എഫ്.എസ്.സി കോഡിലോ ഉള്ള

പിശക് മൂലം തിരികെ സർക്കാരിലേക്ക് പോയ 1,55,000/- രൂപ (ഒരു ലക്ഷത്തി അൻപത്തയ്യായിരം രൂപ മാത്രം) കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് (G051006) 3604-00-200-81-05-35-00-NV എന്ന ശീർഷകത്തിൽ നിന്നും പുനരനുവദിച്ച ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ത.സ്വ.ഭ.വ വകുപ്പ് (റൂറൽ), തിരുവനന്തപുരം
സെക്രട്ടറി, കറുകച്ചാൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 2867844)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ